# അന്നൊക്കെ

തമ്പിആന്റെണിതെക്കേക്കുറ്റ്

അന്നൊക്കെ
മനസ്സുകളിൽ
മോഹങ്ങളുണ്ടായിരുന്നു
ഹൃദയങ്ങളിൽ
സൗഹൃദമുണ്ടായിരുന്നു
നൊമ്പരങ്ങളിൽ
മധുരമുണ്ടായിരുന്നു
മൗനങ്ങളിൽ
മനസ്സുണർന്നിരുന്നു
പ്രണയങ്ങളിൽ
അനുരാഗമുണ്ടായിരുന്നു
സൗഹൃദങ്ങളിൽ
ആർദ്രതയുണ്ടായിരുന്നു
ഉത്സവങ്ങളിൽ
ആഘോഷമുണ്ടായിരുന്നു
കുളിർകാറ്റിൽ
സുഗന്ധമുണ്ടായിരുന്നു
പ്രഭാതങ്ങളിൽ
പക്ഷിക്കൂട്ടങ്ങൾ
പാടിപ്പറന്നിരുന്നു
സായാഹ്നങ്ങൾക്ക്
സിന്ദൂരവർണ്ണമായിരുന്നു
പൂനിലാവുകളിൽ
പൂമുല്ലകൾപൂത്തിരുന്നു
ആകാശങ്ങളിൽ
അതിരുകളോളം
താരങ്ങളുണ്ടായിരുന്നു
അവളുടെകണ്ണുകളിൽ
ആയിരമായിരം
നക്ഷത്രങ്ങളുണ്ടായിരുന്നു
സമുദ്രങ്ങളിൽ
ശാന്തതയുണ്ടായിരുന്നു
പരാജയങ്ങളിൽ
പരിഭവമില്ലായിരുന്നു
വിജയങ്ങളിൽ
വിശ്വാസമുണ്ടായിരുന്നു
ദുഃഖങ്ങൾക്ക്
സുഖമുണ്ടായിരുന്നു .....